# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.685      05/06/2018-ൽ മറുപടിക്ക്

## കായംകുളം താപനിലയത്തിൽ നിന്നുള്ള വൈദ്യുതി

| | ചോദ്യം<br>**ശ്രീ.അൻവർ സാദത്ത്** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കായംകുളം താപനിലയത്തിന്റെ നടത്തിപ്പിന് സംസ്ഥാന സർക്കാർ എൻ.ടി.പി.സി.യ്ക്ക് നൽകേണ്ട ഫിക്സഡ് കോസ്റ്റ് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് പുതുക്കിയ ഫിക്സഡ് കോസ്റ്റ് എന്നറിയിക്കാമോ; | (എ) | ഉണ്ട്. 2014-19 കാലഘട്ടത്തിലേയ്ക്ക് സെൻട്രൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ഫിക്സഡ് കോസ്റ്റിനത്തിൽ നിശ്ചയിച്ച തുക 284.74 കോടി മുതൽ 301.16 കോടി വരെയായിരുന്നു. പ്രസ്തുത കാലഘട്ടത്തിലെ ഫിക്സഡ് കോസ്റ്റ് ഉഭയകക്ഷി സമ്മതപ്രകാരം 200 കോടി രൂപയായി ഇപ്പോൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | 2017ൽ ഈയിനത്തിൽ വൈദ്യുതി ബോർഡ് എൻ.ടി.പി.സി.യ്ക്ക് എത്ര തുക നൽകി; | (ബി) | 2017-18 ഫിക്സഡ് കോസ്റ്റിനത്തിൽ 200 കോടി രൂപ വൈദ്യുതിബോർഡ് NTPC യ്ക്ക് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത താപനിലയത്തിൽ നിന്നും 2017ൽ വൈദ്യുതി ബോർഡ് എത്ര മെഗാ വാട്ട് വൈദ്യുതി വാങ്ങി; യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് വൈദ്യുതി വാങ്ങിയത്; | (സി) | 2017-18 കാലയളവിൽ പ്രസ്തുത താപനിലയത്തിൽ നിന്ന് 4047750 യൂണിറ്റ് വൈദ്യുതി യൂണിറ്റൊന്നിന് 7.417 രൂപ എന്ന നിരക്കിൽ വാങ്ങിയിട്ടുണ്ട്. |
| (ഡി) | കായംകുളം താപനിലയത്തിൽ സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിന് എൻ.ടി.പി.സി.യുമായി കെ.എസ്.ഇ.ബി. ധാരണയിൽ എത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഇ) | ഉണ്ട്. എൻ.ടി.പി.സി.യിൽ നിന്ന് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിന്റെ ധാരണകൾ വ്യക്തമാക്കി 11.05.2018 – ൽ കെ.എസ്.ഇ.ബി യും എൻ.ടി.പി.സി.യും തമ്മിൽ MOU (മെമ്മോറാൻഡം ഓഫ് അണ്ടർ സ്റ്റാൻഡിംഗ്) ഒപ്പിട്ടിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | എൻ.ടി.പി.സി. യുടെ കൈവശമുള്ള ഭൂമിയിലും ജലപ്രതലത്തിലും മറ്റിടങ്ങളിലും സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സാധ്യതകൾ പരിശോധിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത MOU ഒപ്പുവയ്ച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ